നടന്ന സംഭവത്തെ സംബന്ധിച്ച് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അതുസംബന്ധിച്ചും അന്വേഷിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ടവരെ പിടികൂടുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ കണ്ണൂർ റെയിഞ്ച് ഐ.ജി.യെ പ്രത്യേകം ചുമതലപ്പെടുത്തുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(17) ഫിഷറീസ് കോളേജ്

ശ്രീ. പള്ളിപ്രം ബാലൻ : സർ, കേരളത്തിൽ മൽസ്യബന്ധന രംഗത്ത് നൂതനമായ മാറ്റം വരുത്താൻ സഹായകരമായ രീതിയിൽ ഫിഷറീസ് സർവ്വകലാശാല സ്ഥാപിതമാവുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ മൽസ്യത്തൊഴിലാളികൾ ഏറെ തിങ്ങിപ്പാർക്കുന്ന മലബാർ പ്രദേശത്ത് പ്രത്യേകിച്ചും കണ്ണൂർ കാസർഗോഡ് ജില്ലയുടെ പ്രത്യേക പരിഗണന വച്ചുകൊണ്ട് കാസർകോട് ജില്ലയിൽ ഒരു ഫിഷറീസ് കോളേജ് സ്ഥാപിക്കണം എന്നുള്ള എന്റെ ആവശ്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കാസർകോട് ജില്ലയിൽ ഏറെ സ്ഥലമുണ്ട്. അവിടെ പ്രത്യേകിച്ചും കാർഷിക കോളേജിന്റെ ഭാഗമായി ഒരു ഫിഷറീസ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി നടപടിയെടുത്താൽ തീർച്ചയായും മലബാർ മേഖലയിലെ മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നല്ല രീതിയിൽ പഠിച്ച് വളരുന്നതിന് അത് വളരെ സഹായകരമാണ്. ആയതിന് നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഫിഷറീസ് സർവ്വകലാശാല സ്ഥാപിതമാകുന്നതോടുകൂടി തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും റീജിയണൽ സെന്ററുകൾ ആരംഭിക്കുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിന് അനുയോജ്യമായ സ്ഥലങ്ങൾ പരിശോധിച്ച് നിശ്ചയിക്കുന്ന സന്ദർഭത്തിൽ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രദേശവുംകൂടി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

V അറിയിപ്പ്

ശ്രീ. മഞ്ഞളാംകുഴി അലിയുടെ രാജി

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... മങ്കട നിയമസഭാ നിയോജക മണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി 2010 ഒക്ടോബർ 30-ാം തീയതി പ്രാബല്യത്തിൽ വരത്തക്കവിധം കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജി വച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച 169-ാം ചട്ടത്തിന്റെ അഞ്ചാം ഉപചട്ടത്തിന്റെ ക്ലിപ്തനിബന്ധന പ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly